# 06.07.2018 ന് കുടുംബശ്രീ സംസ്ഥാനമിഷനിൽ വച്ച് നടന്ന യോഗത്തിന്റെ മിനിട്സ്

കുടുംബശ്രീ - ഹരിതകേരളാമിഷൻ - കുടുംബശ്രീ ഹരിത സംരംഭങ്ങൾ വ്യാപനം സംബന്ധിച്ച് കുടുംബശ്രീ സംസ്ഥാനമിഷനിൽ വച്ച് 2018 ജൂലൈ 6ന് ഉച്ചയ്ക്ക് 2.30 മുതൽ 4.45 വരെ നടത്തിയ യോഗത്തിന്റെ മിനിട്സ്

**പങ്കെടുത്തവർ:**

1. ശ്രീ. എസ്.ഹരികിഷോർ.ഐ.എ.എസ് - എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
2. ഡോ. ടി.എൻ. സീമ - എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ
3. ശ്രീ. ജഗജീവൻ.എൻ - കൺസൾട്ടന്റ് - മാലിന്യ നിർമ്മാർജ്ജന നിർവ്വഹണം, ഹരിതകേരളം മിഷൻ
4. ശ്രീ. സതീഷ് ആർ.വി - ടെക്നിക്കൽ ഓഫീസർ - ജലവിഭവം, ഹരിതകേരളം മിഷൻ
5. ശ്രീമതി. ഹരിപ്രിയദേവി.വി.വി - ടെക്നിക്കൽ ഓഫീസർ - കൃഷി, ഹരിത കേരളം മിഷൻ
6. ശ്രീ. ടി.പി.സുധാകരൻ - കൺസൾട്ടന്റ് - കോർഡിനേറ്റർ-കാര്യക്ഷമതാ നിർമ്മാണം, ഹരിതകേരളം മിഷൻ
7. ശ്രീ. സഞ്ജീവ്.എസ് - കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ
8. ശ്രീ. അജയകുമാർ.പി - ടെക്നിക്കൽ ഓഫീസർ - മാലിന്യ നിർമ്മാർജ്ജന നിർവ്വഹണം, ഹരിതകേരളം മിഷൻ
9. ശ്രീ. ശ്രീജിത്ത്.എൽ.കെ - സീനിയർ അസിസ്റ്റന്റ് മാനേജർ, ക്ലീൻകേരള കമ്പനി
10. ശ്രീ. വിഷ്ണു.ആർ.വി - ക്ലീൻ കേരള കമ്പനി
11. ശ്രീ. പ്രമോദ്.കെ.വി - പി.ഒ (സംഘടന), കുടുംബശ്രീ.
12. ഡോ. ഷമീന.പി.എൻ - പി.എം (കളക്ടീവ്സ്), കുടുംബശ്രീ
13. ശ്രീ. രാഖി.ആർ - എസ്.എ.പി.എം (അഗ്രികൾച്ചർ), കുടുംബശ്രീ
14. ശ്രീ. രതീഷ്.എസ് - എസ്.എ.പി.എം (എം.ഇ), കുടുംബശ്രീ

1. ഹരിത കർമ്മസേന പ്രവർത്തന രീതി, സംരംഭ പ്രവർത്തനം എന്നിവയെക്കുറിച്ച് അറിവു വർദ്ധിപ്പിക്കാനായി എല്ലാ കുടുംബശ്രീ എ.ഡി.എം.സി (എം.ഇ), ഡി.പി.എം(എം.ഇ) ഉൾപ്പെടുന്ന ടീം കോഴിക്കോട് ജില്ലയിലെ വടകരയിലെ ഹരിത കർമ്മസേനയുടെ മികച്ച പ്രവർത്തനങ്ങൾ കണ്ടുപഠിക്കാനായി ഒരു ഫീൽഡ് വിസിറ്റ് നടത്താൻ തീരുമാനിച്ചു.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം**

**തീയതി – 2018 സെപ്തംബർ 15**

2. ഫീൽഡ് ലെവൽ പ്രവർത്തന പുരോഗതി മനസ്സിലാക്കാനായി കുടുംബശ്രീ എം.ഇ വിഭാഗം എ.ഡി.എം.സി, ഡി.പി.എം, ബ്ലോക്ക് കോ-ഓർഡിനേറ്റർ എന്നിവരടങ്ങിയ ടീം സജ്ജമാക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം**

3. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ഉളള സ്ഥലങ്ങളിൽ ക്ലീൻ കേരള കമ്പനിയ്ക്കോ, മറ്റു ഏജൻസികൾക്കോ ശേഖരിച്ച വസ്തുക്കൾ കൈമാറ്റം ചെയ്ത് ഹരിതകർമ്മസേന പ്രവർത്തനം തുടങ്ങുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു.

4. ഓരോ ഹരിതകർമ്മസേന യൂണിറ്റിനും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ലഭ്യമായ സൗകര്യങ്ങളുടെ നിജസ്ഥിതി, വെല്ലുവിളികൾ, പ്രവർത്തന പുരോഗതി എന്നിവ മനസ്സിലാക്കാനുതകുന്ന ചോദ്യാവലി, ഒത്തുനോക്കുന്നതിനുള്ള പട്ടികകൾ എന്നിവ സംസ്ഥാനമിഷൻ തയ്യാറാക്കി നൽകേണ്ടതാണ്.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം**

**തീയതി – 2018 ആഗസ്റ്റ് 20**

5. കുടുംബശ്രീയിൽ സൂക്ഷ്മ സംരംഭങ്ങൾക്കായി പ്രവർത്തിക്കുന് ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് ഹരിതകർമ്മസേന സംരംഭ പ്രവർത്തനങ്ങളെ സഹായിക്കാനായി മികച്ച വൈദഗ്ദ്ധ്യ പരിശീലനം നൽകേണ്ടതാണ്. ടി പരിശീലനം കില

യിൽ വച്ച് നടത്താവുന്നതാണ്. ഇതിനുള്ള വിഷയങ്ങൾ, പദ്ധതി എന്നിവ ഹരിത കേരളമിഷനുമായി ചേർന്ന് നടപ്പിലാക്കാവുന്നതാണ്.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം, ഹരിത കേരളം മിഷൻ**

**തീയതി 2018 സെപ്തംബർ 30**

6. അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുമായി കുടുംബശ്രീ സംസ്ഥാനമിഷനിൽ വച്ച് ചർച്ച സംഘടിപ്പിക്കുകയും, അതുവഴി ഹരിതകർമ്മസേനയ്ക്ക് പ്രാപ്തമായ സംരംഭസാധ്യതകൾ കണ്ടെത്തുകയും ചെയ്യാവുന്നതാണ്.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം**

**തീയതി – 2018 ജൂലൈ 26**

7. കുടുംബശ്രീ ഹരിതകർമ്മസേന മൈക്രോസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായും, സജ്ജമാക്കുന്നതിനായും 50,000/- രൂപ നിശ്ചിത പ്രവർത്തനതലത്തിൽ എത്തിയ ഒരു മൈക്രോ സംരംഭ യൂണിറ്റ് എന്ന കണക്കിന് സ്റ്റാർട്ടപ്പ് ഫണ്ട് നൽകാനാവശ്യമായ തുക കണ്ടെത്തേണ്ടതുണ്ട്. ഇതിൽ ഒരു കോടി രൂപ ശുചിത്വമിഷൻ വഴി ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ തയ്യാറാക്കി നൽകേണ്ടതാണ്.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം**

**തീയതി –2018 ആഗസ്റ്റ് 30**

8. ഹരിതകർമ്മസേന പ്രവർത്തനം പൂർണ്ണരീതിയിലേയ്ക്ക് എത്തിക്കാനാവശ്യമായ സജ്ജീകരണങ്ങൾ ഇതുവരെ പൂർത്തിയാക്കാനായിട്ടില്ല എന്ന സാഹചര്യത്തിൽ ഹരിതകർമ്മസേന പ്രവർത്തകർക്കുള്ള വി.ജി.എഫ് കാലാവധിയും, തുകയും പുനർ നിർണ്ണയിക്കേണ്ടത് അത്യാവശ്യമാണെന്ന് യോഗം വിലയിരുത്തി. ആയതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഹരിതകേരളം മിഷന് കത്ത് നൽകാൻ തീരുമാനിച്ചു.

**നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം, കുടുംബശ്രീ**

9. കുടുംബശ്രീ ജില്ലാമിഷൻ എ.ഡി.എം.സി യുടെ നേതൃത്വത്തിൽ ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് ഉത്തേജിപ്പിക്കേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ആയതിന് ആവശ്യമായ വീഡിയോ ഉൾപ്പെടെയുള്ള രേഖകൾ, വെബ്സൈറ്റ് ഉൾപ്പെടെയുള്ള ഉപാധികൾ എന്നിവ തയ്യാറാക്കാവുന്നതാണ്.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം**

10. ഹരിത സഹായ സ്ഥാപനങ്ങളുമായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, ഹരിതകരള മിഷൻ അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ ഒരു യോഗം നടത്താൻ തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ അവരുടെ അനുഭവജ്ഞാനവും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതാണ്.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം**

**തീയതി – 2018 ജൂലൈ 26**

11. കിണർ റീച്ചാർജിംഗിന് ഹരിത കർമ്മസേനയെ അക്രഡിറ്റഡ് ഏജൻസിയായി പ്രാപ്തമാക്കാനാകുമെന്ന് യോഗം വിലയിരുത്തിയതിന്റെ ഭാഗമായി അതിനാവശ്യമായ പരിശീലനം നൽകാൻ ഹരിത കേരളമിഷൻ വഴി നടപടികൾ സ്വീകരിക്കാവുന്നതാണ് (ഒരു ബ്ലോക്കിൽ ഒരു യൂണിറ്റ്).

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം, ഹരിത കേരളം മിഷൻ**

12. ഹരിതകർമ്മസേന പ്രവർത്തകർ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി വരെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി മായി ബന്ധപ്പെട്ട ബദൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ക്ലീൻ കേരള കമ്പനിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ട കാര്യങ്ങൾ അവർ നടപ്പിലാക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി.

**നടപടി – ക്ലീൻ കേരള കമ്പനി**

13. കുടുംബശ്രീ ജില്ലാമിഷന്റെ ഭാഗത്ത് നിന്നും പരിശീലനം പൂർത്തീകരിച്ച എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ഹരിതകർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനാവശ്യമായ

സർക്കാർതല ഇടപെടലുകളും, സാഹയകവും ഹരിതകേരളമിഷന്റെ ഭാഗത്ത് നിന്ന് ലഭ്യമാക്കുന്നതാണ്.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം, ഹരിത കേരളം മിഷൻ**

14. റിസോഴ്സ് റിക്കവറി ഫെസിലിറ്റിയ്ക്ക് ഫണ്ട് വകയിരുത്തിയവ, ഹരിതകർമ്മസേനയ്ക്ക് പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തിയവ എന്നിങ്ങനെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പരമാവധി സഹായിക്കേണ്ടതും, പ്രേരിപ്പിക്കേണ്ടതുമാണെന്ന് യോഗം തീരുമാനിച്ചു.

    **നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം, ഹരിത കേരളം മിഷൻ**

15. ഹരിത സഹായ സ്ഥാപനങ്ങളായി എംപാനൽ ചെയ്യാൻ കുടുംബശ്രീയ്ക്ക് പരിശീലന ഏജൻസി വഴിയോ, മറ്റു രീതിയിലോ മുന്നോട്ട് വരാമെന്ന് യോഗം ചർച്ച ചെയ്തു.

    **നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം**

16. ഹരിതകർമ്മസേന-ഹരിത സംരംഭ ബിസിനസ് അവസരങ്ങൾ/പദ്ധതികളുടെ സമാഹാരം കണ്ടെത്തി രേഖകൾ തയ്യാറാക്കാൻ ഹരിതകേരളം മിഷൻ വഴി മുൻകൈ എടുക്കാമെന്ന് യോഗം തീരുമാനിച്ചു.

    **നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – മൈക്രോസംരംഭ വിഭാഗം, ഹരിത കേരളം മിഷൻ**

17. ഇന്റഗ്രേറ്റഡ് ഫാമിംഗ് നടപ്പിലാക്കുന്നതിനും, മത്സ്യകൃഷി മേഖലയിലെ സാധ്യതകളും ആനുകൂല്യങ്ങളും കുടുംബശ്രീ അംഗങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി ഫിഷറീസ് ഡയറക്ടർ, ഹരിതകേരള മിഷൻ, ആത്മ, കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല എന്നിവരുമായി ഒരു ചർച്ച സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

    **നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – അഗ്രികൾച്ചർ വിഭാഗം**

18. തൽപരരായ ജീവ അംഗങ്ങൾക്ക് മണ്ണ് ജല സംരക്ഷണം, ജല ഗുണനിലവാര പരിശോധന എന്നിവയിൽ പരിശീലനം നൽകുവാൻ ഹരിതകേരള മിഷൻ താത്പര്യം

അറിയിച്ചിട്ടുണ്ട്. ആയതിന്റെ പ്രായോഗിക സാധ്യതകളും നേട്ടങ്ങളും പരിശോധിക്കേണ്ടതാണ്.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – അഗ്രികൾച്ചർ വിഭാഗം**

19. ഭക്ഷ്യ സുരക്ഷാഭവനം പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ തുടരുന്നത് പ്രോഗ്രാം ഓഫീസർ (അഗ്രി) യുമായി ചർച്ച ചെയ്ത് തീരുമാനിക്കാൻ ആവശ്യപ്പെട്ടു.

**നടപടി – കുടുംബശ്രീ സംസ്ഥാന മിഷൻ – അഗ്രികൾച്ചർ വിഭാഗം**

യോഗം 4.45 അവസാനിച്ചു.

21/5

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**